# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# *തളിര്*

**കെ.ജെ. ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ**
**പുലിക്കല്ല്**

# <u>സ്കൂൾ വിവരങ്ങൾ</u>

| | | |
|---|---|---|
| റവന്യൂ ജില്ല | : | കാഞ്ഞിരപ്പള്ളി |
| സ്കൂൾ കോഡ് | : | 32060 |
| സ്കൂളിന്റെ പേര് | : | കെ.ജെ.സി.എം.എച്ച്.എസ്. പുലിക്കല്ല് |
| മേൽവിലാസം | : | പുലിക്കല്ല് പി.ഒ, കോട്ടയം ജില്ല |
| പിൻകോഡ് | : | 686544 |
| ഫോൺ നമ്പർ | : | 9847 108633 |
| ഇ.മെയിൽ അഡ്രസ് | : | kply32060@yahoo.com |
| ഗ്രാമപഞ്ചായത്ത് | : | മണിമല ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| സബ് ജില്ല | : | കറുകച്ചാൽ |
| ക്ലാസ്സുകൾ | : | 1 മുതൽ 10 വരെ |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠനമാധ്യമം | : | മലയാളം |

# ആമുഖം

കോട്ടയം ജില്ലയുടെ കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന മണിമല ഗ്രാമ പഞ്ചായത്തിൽ, മണിമലയാറിന്റെ തീരപ്രദേശത്ത് കുന്നുകളാലും പാറകളാലും നിറഞ്ഞ ഒരു ഗ്രാമമാണ് പുല്ലിക്കല്ല്. ശ്രീ. ധർമ്മശാസ്താവിന്റെ ഐതീഹ്യത്തിൽ നിറഞ്ഞ് നിൽക്കുന്ന പുല്ലിക്കല്ല് പാറയുടെ തൊട്ട് സമീപത്തായി സ്ഥിതി ചെയ്യുന്ന കെ.ജെ. ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ എന്ന സരസ്വതിക്ഷേത്രം എക്കാലവും വിദ്യാർത്ഥികൾക്ക് അറിവ് പകർന്ന് നൽകുന്നതിൽ മുൻപന്തിയിൽ തന്നെയാണ്. 1951 ൽ എൽ.പി.സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം 1952 ൽ യു.പി.സ്കൂളായും 1953 ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. പി.റ്റി. ചാക്കോ മെമ്മോറിയൽ എന്നറിയപ്പെട്ടിരുന്ന സ്കൂൾ പിൽക്കാലത്ത് സ്ഥാപകന്റെ നാമധേയമായ കെ.ജെ. ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ എന്ന് അറിയപ്പെട്ടു തുടങ്ങി.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടികളുടെയും അവകാശമാണ് എന്ന വസ്തുതയെ മുൻനിർത്തി അക്കാദമികരംഗത്തും നോൺ. അക്കാദമികരംഗത്തുമുള്ള മികവ് വർദ്ധിപ്പിക്കാൻ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് കഠിനാദ്ധ്വാനം ചെയ്യുന്നുവെന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായി നൂറുശതമാനം വിജയം കരസ്ഥമാക്കുന്നുയെന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്.

കുട്ടികൾ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ നൂറുശതമാനം വിജയം നേടുന്നുവെങ്കിലും എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്താൻ സാധിക്കാത്തത് സ്കൂളിന്റെ പരിമിതിയാണ്. കുട്ടികളുടെ അറിവിന് കൈത്താങ്ങായി തീരേണ്ട ലൈബ്രറി, ലാബ് എന്നിവ ആധുനികരീതിയിൽ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ നേടിയെടുക്കാം എന്ന ശുഭാപ്തിവിശ്വാസത്തോടെയാണ് ഈ അധ്യായന വർഷവും ആരംഭം കുറിച്ചത്. അക്കാദമിക മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനവും ലക്ഷ്യത്തിലേക്കെത്താനുള്ള ഓരോ യജ്ഞങ്ങളാണ്.

# വിദ്യ പ്രദാനം ചെയ്യുന്ന ആലയം വിദ്യാലയം

## ലക്ഷ്യങ്ങൾ :-

- സാമൂഹിക സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികവാർന്ന വിദ്യാഭ്യാസം സൗജന്യമായി എല്ലാവരിലേയ്ക്കും എത്തിക്കുക.
- ലിംഗസമത്വം, മതസമത്വം തുടങ്ങിയ ആശയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുക.
- ഒന്ന് മുതൽ പത്ത് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുള്ള രൂപരേഖ തയാറാക്കൽ.

## ദൗത്യങ്ങൾ :-

- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ സജീവ താല്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
- മാനുഷികമൂല്യങ്ങളും വ്യക്തിശുചിത്വം, സാമൂഹ്യശുചിതം, പൊതുമുതൽ സംരക്ഷണം തുടങ്ങിയ മൂല്യങ്ങളും കുട്ടികളിൽ വളർത്തിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കൽ .
- സാമ്പത്തികമായും ശാരീരികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- മറ്റ് വിദ്യാലയങ്ങളിലെ കുട്ടികൾ ആർജ്ജിക്കുന്ന അറിവിനേക്കാളും ശേഷിയെക്കാളും ഒരു പടി ഉയർന്ന അറിവും ശേഷിയും ഓരോ കുട്ടികളും നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- മനുഷ്യനും പ്രകൃതിയും രണ്ട് ധ്രുവങ്ങളിൽ നിൽക്കേണ്ടവയല്ല എന്ന ബോധം കുട്ടികളിൽ വളർത്തിയെടുത്ത് പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ കുട്ടികളെ സജ്ജരാക്കുന്നു.

# മേഖല - LP മലയാളം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | മലയാള മധുരം | വായിക്കാനും എഴുതാനും അറിയാത്ത കുട്ടികളെ അക്ഷരം അറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷര കാർഡുകളും പദ കാർഡുകളും ഉപയോഗിച്ച് അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കുകളും ഉറപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് അധ്യാപിക | |
| 2. | വായന മരം | എഴുതാനും വായിക്കാനും അറിയുന്ന കുട്ടികൾക്കായി ഒരു മരത്തിനു ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കൽ. | വായനക്ക് ശേഷം ചർച്ച, കഥാവതരണം, കുറിപ്പ് തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂലൈ - ഫെബ്രുവരി | | |
| 3. | ഡയറി | സംയുക്ത ഡയറി, സർഗാത്മകത ഡയറി, സചിത്ര പുസ്തകം എന്നിവയിലൂടെ ഭാഷയിലുള്ള കുട്ടികളുടെ ശേഷികൾ വളർത്തിയെടുക്കുക. | ഓരോ ദിവസവും കുട്ടികൾ എഴുതുന്നത് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തുന്നു. | ജൂലൈ - ഫെബ്രുവരി | | |
| 4. | പാട്ടരങ്ങ് | താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി | പാട്ടരങ്ങ് ശിൽപശാല സംഘടിപ്പിക്കുന്നു, കുട്ടികൾ കവിതകൾ ഈണം നൽകി പാടുന്നു. | മാസത്തിൽ ഒരു ദിവസം | | |

# മേഖല - LP മലയാളം

| | | | | | | |
|---|---|---|---|---|---|---|
| | | അവതരിപ്പിക്കൽ. | | | | |
| 5. | രചനോത്സവം | കുട്ടികളുടെ രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തൽ. | കൃത്യമായ ഇടവേളകളിൽ ക്ലാസ്സ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് അധ്യാപിക | |
| 6. | വായനോത്സവം | ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ. | ലൈബ്രറി വായന കൂടുതൽ മെച്ചപ്പെടുത്തുന്നു.<br>വായന കുറിപ്പ് തയ്യാറാക്കുന്നു. | ജൂലൈ - മാർച്ച് | | |

## മേഖല - LP ഇംഗ്ലീഷ്

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | കേട്ട് പഠിക്കാം | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | രണ്ടു മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് അധ്യാപിക | |
| 2. | സംസാര മികവ് | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കുന്നു. | അധ്യാപകരുമായി സംവദിക്കൽ<br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | | |
| 3. | വായന തിളക്കം | ആശയം അറിഞ്ഞും ഒഴുക്കോടെയും ഉള്ള വായനക്ക് അവസരം. | വാർത്താ വായനമത്സരം സംഘടിപ്പിക്കൽ<br>ക്ലാസ്സ് ലൈബ്രറി വികസനം | മാസത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | | |
| 4. | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | | |
| 5. | ഇംഗ്ലീഷ് തീയേറ്റർ | സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. (Skit, Drama, Conversation, Story telling) | മാസത്തിൽ ഒന്ന് | | |

# മേഖല - LP ശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | പരിസ്ഥിതി സംരക്ഷണം | ശാസ്ത്രവബോധം വളർത്തുക<br><br>പ്രകൃതി സംരക്ഷണം<br><br>ജലസ്രോതസ്സുകളുടെ സംരക്ഷണം<br><br>പരിസര സംരക്ഷണം | ജൂൺ 5 പരിസ്ഥിതിദിനം വൃക്ഷത്തൈ നടൽ, എല്ലാ കുട്ടികൾക്കും തൈ വിതരണം എന്നിവ നടത്തുന്നു.<br><br>സ്കൂളും പരിസരവും വൃത്തിയാക്കുന്നു.<br><br>സ്കൂൾ പരിസരത്തുള്ള ജലസ്രോതസ്സുകൾ സന്ദർശിക്കുന്നു, അവ സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നു. | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപിക | |
| 2. | പ്രകൃതി സ്നേഹിതർ | പ്രകൃതി നടത്തം<br><br>പൂന്തോട്ട നിർമ്മാണം<br><br>അടുക്കളത്തോട്ട നിർമ്മാണം | സ്കൂൾ പരിസരത്തുള്ള പ്രകൃതി നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br><br>കുട്ടികൾ വീട്ടിൽ തയ്യാറാക്കി പൂന്തോട്ടത്തിന്റെ ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു.<br><br>സ്കൂൾ പൂന്തോട്ടത്തിൽ പുതിയ ഇനം ചെടികൾ നട്ടു പിടിപ്പിക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | | |
| 3. | ആവാസ വ്യവസ്ഥയെ അറിയാം | ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തകൾ ഉണ്ടെന്ന് കണ്ടെത്തൽ. | ഫീൽഡ് ട്രിപ്പ് നടത്തി ആവാസവ്യവസ്ഥയെ പറ്റി നിരീക്ഷിച്ച് നിരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു | ഒക്ടോബർ - നവംബർ | | |

# മേഖല - LP ശാസ്ത്രം

| | | | | | | |
|---|---|---|---|---|---|---|
| | | ചെടികളുടെ വേര്, തണ്ട്, കായ്, പൂവ്, ഇല, ഇവയുടെ പ്രത്യേകതകൾ കണ്ടെത്തൽ. | ആവാസവ്യവസ്ഥ നിലനില്ക്കണമെങ്കിൽ വേണ്ട ആവശ്യഘടകങ്ങളെ പറ്റി കുറിപ്പ് തയ്യാറാക്കുന്നു | | | |
| 4. | ശാസ്ത്ര പരീക്ഷണ ലോകത്ത് | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.<br><br>ഭൂപട വായന, ഭൂപടരചന, സൂചികാ നിർമ്മാണം.<br><br>ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ. | ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു, പല തരത്തിൽ അവയെ തരംതിരിക്കുന്നു.<br><br>നിത്യ ജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്ര പരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br><br>ശാസ്ത്രപരീക്ഷണങ്ങൾ പ്രദർശിപ്പിക്കുന്നു. അവ വിശദീകരിക്കുന്നു. | ഡിസംബർ - ജനുവരി | ക്ലാസ് അധ്യാപിക | |
| 5. | ശാസ്ത്ര കൗതുകം | ശാസ്ത്രമാസികയുടെ നിർമ്മാണം<br><br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br><br>ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം,പഠനോപകരണ നിർമ്മാണം, ഇവയുടെ പ്രദർശനം. | കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ശാസ്ത്രമാസികാ നിർമ്മാണത്തിനുള്ള വാർത്തകൾ, കുറിപ്പുകൾ തുടങ്ങിയവ സമാഹരിക്കുന്നു.<br><br>സ്കൂളിൽ പൂന്തോട്ടം നിർമ്മിച്ച് നിരീക്ഷിക്കുന്നു. ഇവയെ കുറിച്ച് പ്രതിപാദിക്കുന്ന ആൽബം തയ്യാറാക്കുന്നു.<br><br>ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തുന്ന വീഡിയോകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഫെബ്രുവരി - മാർച്ച് | | |

മേഖല - **LP** ശാസ്ത്രം

| | | | | | | |
|---|---|---|---|---|---|---|
| | | | പാഠപുസ്തകത്തിലെ ശാസ്ത്രവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ നിർമ്മിച്ച് അവതരിപ്പിക്കുന്നു. | | ക്ലാസ് അധ്യാപിക | |

# മേഖല - LP ഗണിതം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | അടിസ്ഥാന സംഖ്യകൾ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു. | സംഖ്യ കാർഡ് നിർമ്മാണം.<br><br>ഗണിത കിറ്റ് നിർമ്മാണം.<br><br>സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.<br><br>ഒറ്റ അക്ക സംഖ്യ, ഇരട്ട അക്ക സംഖ്യ തിരിച്ചറിയൽ.<br><br>സ്ഥാനവില പോക്കറ്റ് | ജൂൺ - ജൂലൈ | | |
| 2. | സംഖ്യകളുടെ ലോകത്ത് | മൂന്നക്കം വരെയുള്ള സംഖ്യകളെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | മൂന്നക്ക സംഖ്യകളുടെ പാറ്റേൺ നിർമ്മാണം.<br><br>മൂന്നക്ക സംഖ്യകൾ പരിചയപ്പെടൽ.<br><br>സങ്കലന, വ്യവകലന ക്രിയകൾ ചെയ്യൽ.<br><br>ഗണിത പ്രശ്നോത്തരി | ആഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ്സ് അധ്യാപിക | |
| 3. | സംഖ്യാവ്യാഖ്യാനം | മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം നടത്തുന്നു. | ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് നിർമ്മാണം.<br><br>മൂന്നക്ക സംഖ്യകളുടെ അബാക്കസ് നിർമ്മാണം.<br><br>മൂന്നക്ക സംഖ്യകളെ വിവിധതരത്തിൽ വിശദീകരിക്കുന്നു.<br><br>മൂന്നക്ക സംഖ്യകളുടെ സ്ഥാനവില പോക്കറ്റ് നിർമ്മാണം . | ആഗസ്റ്റ് - സെപ്റ്റംബർ | | |
| 4. | സംഖ്യകളുടെ ക്രമീകരണം | കളികളിലൂടെ സംഖ്യകളെ | ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള | ഒക്ടോബർ - | | |

# മേഖല - LP ഗണിതം

| | | | | | | |
|---|---|---|---|---|---|---|
| | | താരതമ്യം ചെയ്യുന്നതിനും, ആരോഹണം അവരോഹണ ക്രമത്തിൽ എഴുതുന്നതിനുമുള്ള ധാരണ നേടാൽ. | സങ്കലന , വ്യവകലന പ്രവർത്തനങ്ങൾ .<br><br>സങ്കലന , വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.<br><br>കളികളിലൂടെ സംഖ്യകളെ താരതമ്യം ചെയ്യുന്നതിനും ആരോഹണ-അവരോഹണ ക്രമത്തിൽ എഴുതുന്നതിനുള്ള ധാരണ ലഭിക്കുന്നു.<br><br>കലണ്ടർ നിരീക്ഷിച്ച് മാസം തീയതി എന്നിവയും കലണ്ടർ പാറ്റേണുകളും മനസ്സിലാക്കുന്നു. | നവംബർ | | |
| 5. | ഗണിതപഠനം രസകരമാക്കാം | ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമായി അവതരിപ്പിച്ച് മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക. | ജ്യാമതീയ രൂപങ്ങൾ കണ്ടെത്തി വരയ്ക്കൽ .<br><br>ജ്യാമതീയ രൂപങ്ങളുടെ സൗന്ദര്യം തിരിച്ചറിയുന്നു.<br><br>നീളം , ഉയരം എന്നിവ ഊഹിച്ച് പറയുന്നതിനുള്ള കഴിവ് നേടുന്നു.<br><br>ഗണിതോത്സവം .<br><br>ടാൻഗ്രാം നിർമ്മാണം<br><br>ഗണിത പസിൽ നിർമ്മാണം | ഒക്ടോബർ - നവംബർ | ക്ലാസ്സ് അധ്യാപിക | |
| 6. | ഗണിതപ്രശ്ന പരിഹാരകർ | മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണശേഷി ഉള്ളവരാക്കി മാറ്റുക. | വിവിധ കളികളിലൂടെ ഗണിതക്രിയകൾ ഉറപ്പിക്കുന്നു.<br><br>ക്ലോക്ക്,വാച്ച് എന്നിവ നോക്കി സമയം പറയുന്നു. 24 മണിക്കൂർ ക്ലോക്ക് സമയത്തിനെ12 മണിക്കൂർ ക്ലോക്ക് സമയത്തിലേക്കും തിരിച്ചും പറയുന്നു.<br><br>നാലക്ക സംഖ്യകളുടെ സംഖ്യാബോധം,വ്യാഖ്യാനം ഗുണനക്രിയകൾ ചെയ്യൽ.<br><br>ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ . | ജനുവരി - ഫെബ്രുവരി | | |

## മേഖല - LP ഗണിതം

| | | | | | | |
|---|---|---|---|---|---|---|
| 7. | ഗണിതവും ജീവിതവും | ഗണിതം ജീവിതവുമായി ബന്ധപ്പെടുത്തി ഗണിത ചിന്ത, വിശകലനശേഷി, എന്നിവ എല്ലാ കുട്ടികളിലും വളർത്തുക. | ചെറിയ യൂണിറ്റുകൾ അളന്നു കണ്ടെത്തുന്നു.<br><br>കളി നോട്ട്, സംഖ്യ ചക്രം, ഡൈസ്, മഞ്ചാടി, ഈർക്കിൽ കെട്ടുകൾ എന്നിവ ഉൾപ്പെട്ട ഗണിത കിറ്റ് നിർമ്മാണം<br><br>അളവ് പാത്രങ്ങൾ അളക്കുന്നതിനുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നു.<br><br>10,000 ത്തിനെ സ്ഥാനവില അനുസരിച്ച് അബാക്കസ് ഉപയോഗിച്ച് വ്യാഖ്യാനിക്കൽ.<br><br>വ്യത്യസ്ത അളവ് ഉപകരണങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ നീളം കണ്ടെത്തുന്നു.<br><br>ചുറ്റിലുമുള്ള ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തുന്നു, വരക്കുന്നു.<br><br>നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. | ഫെബ്രുവരി - മാർച്ച് | ക്ലാസ്സ് അധ്യാപിക | |

# മേഖല - മലയാളം( UP/HS)

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | അക്ഷരശുദ്ധി | എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ അക്ഷരമറിയുന്നവരാക്കി എഴുതാനും വായിക്കാനും സജ്ജരാക്കുക. | അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കാനാവശ്യമായ ചാർട്ടുകളും കാർഡുകളും കളികളുമടങ്ങുന്ന പ്രവർത്തനം. | ജൂലൈ - ഫെബ്രുവരി (രാവിലെ 9:00 - 9:30) | മലയാളം അധ്യാപകർ | |
| 2. | വയനാക്കൂട്ടം | നന്നായി എഴുതാനും വായിക്കാനും അറിയുന്ന കുട്ടികളുടെ ശേഷികളെ മിനുക്കിയെടുക്കുക. | വിദ്യാലയത്തിന്റെ ഒരു കോർണർ വായനാമൂലയായി സജ്ജീകരിച്ച് പുസ്തകങ്ങളും ആനുകാലികങ്ങളും കുട്ടികൾക്കായി നൽകുന്നു. അവ വായിച്ച് ആസ്വാദനക്കുറിപ്പും മറ്റും തയ്യാറാക്കുന്നു.<br><br>സ്കൂൾ ലൈബ്രറി പി.റ്റി.എ. യുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ നവീകരിക്കൽ. | ജൂലൈ - ഫെബ്രുവരി (ഉച്ച സമയങ്ങളിൽ) | | |
| 3. | രചനാബുക്ക് | ഭാഷയിൽ പരിജ്ഞാനം നേടി സാഹിത്യ രചനയിലുള്ള ശേഷി വളർത്തുക. | സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകം എടുത്ത് വായിച്ചതിനു ശേഷം ആസ്വാദനക്കുറിപ്പ് എഴുതി അവതരിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം (ഒരു വർഷത്തേക്ക്) | | |
| 4. | സർഗ്ഗകേളി | കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക. | പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലഘുനാടകങ്ങൾ, കവിതകൾ, കഥാപ്രസംഗം, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | | |

# മേഖല - മലയാളം( UP/HS)

| | | | | | | |
|---|---|---|---|---|---|---|
| 5. | അഭിരുചി | ഭാഷാപഠനത്തിന്റെയും പ്രവർത്തനത്തിന്റെയും ഭാഗമായി കുട്ടികൾ നേടിയെടുത്ത കഴിവുകളുടെ പ്രദർശനം. | സ്കൂൾ മാഗസിൻ നിർമ്മിക്കുക. | ജനുവരി - ഫെബ്രുവരി മാസങ്ങളിൽ | മലയാളം അധ്യാപകർ | |
| 6. | ദിനാചരണങ്ങൾ | കുട്ടികളുടെ വിവിധങ്ങളായ ശേഷികളുടെ വികസനം. | ജൂലൈ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | അതാതു ദിനങ്ങളിൽ | | |

# മേഖല - ഇംഗ്ലീഷ് (UP/ HS)

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | Hear English | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാൻ അവസരം ഒരുക്കുന്നു. | കാർട്ടൂൺ, സിനിമാ എന്നിവയുടെ പ്രദർശനം.<br><br>പ്രശസ്ത വ്യക്തികളുടെ ഇംഗ്ലീഷ് പ്രസംഗങ്ങൾ കേൾപ്പിക്കുന്നു. | രണ്ടു മാസത്തിൽ ഒരിക്കൽ (1 വർഷം) | | |
| 2. | Word of the day | ഒരു ദിവസം ഒരു വാക്ക് വീതം പഠിക്കുന്നത് കുട്ടികളുടെ പദാവലിയുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. | ഒരു പുതിയ വാക്കും അതിന്റെ അർത്ഥവും ബുള്ളറ്റിൻ ബോർഡിൽ രേഖപ്പെടുത്തുന്നു. | ദിവസവും (1 വർഷം) | | |
| 3. | Cursive Writing | കയ്യക്ഷര വ്യക്തതയും വേഗതയും മെച്ചപ്പെടുത്തുന്നു. | കുട്ടികളുടെ കയ്യക്ഷരം മികച്ചതാക്കാനും കൂട്ടക്ഷരത്തിലുള്ളവ വ്യക്തമായും കൃത്യമായും വായിച്ച് മനസ്സിലാക്കാനുമായി ഇംഗ്ലീഷ് കൂട്ടക്ഷരങ്ങൾ പരിശീലിപ്പിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ (1 വർഷം) | ഇംഗ്ലീഷ് അധ്യാപകർ | |
| 4. | Speak English | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ | ഇംഗ്ലീഷ് സംസാരം, ഇംഗ്ലീഷ് അസംബ്ലി എന്നിവയിലൂടെ | മാസത്തിൽ ഒരിക്കൽ | | |

# മേഖല - ഇംഗ്ലീഷ് (UP/ HS)

| | | | | | | |
|---|---|---|---|---|---|---|
| | | ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുന്നു. | (1 വർഷം) | | |
| 5. | Know the writers | സാഹിത്യകാരന്മാരെ അറിയുക, കുട്ടികളുടെ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുക. | ആംഗലേയ സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | | ഇംഗ്ലീഷ് അധ്യാപകർ | |
| 6. | Read and Grow | സ്വതന്ത്ര വായനക്കും സ്വതന്ത്രമായ എഴുത്തിനും കുട്ടികളെ സജ്ജരാക്കുക. | ഇംഗ്ലീഷ് വാർത്തവായന കുട്ടികളുടെ മാസികകളിലെ ചെറിയ കഥകൾ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം (1 വർഷം) | | |

# മേഖല - ഹിന്ദി (UP/ HS)

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | अक्षर सीखें | ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങൾ പരിചയപ്പെടാനും അവസരം ഒരുക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>പദ്യങ്ങളിലൂടെ അക്ഷരങ്ങളും വാക്കുകളും മനസിലാക്കുന്നു. | ജൂൺ - ജൂലൈ | | |
| 2. | हिंदी मदद | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉള്ള വാക്കുകൾ എഴുതിക്കുന്നു.<br><br>പുസ്തകത്തിൽ നിന്നും വാക്കുകൾ കണ്ടെത്തുവാൻ ഉള്ള പ്രവർത്തനം.<br><br>ചിത്രങ്ങൾ അടങ്ങിയ വായന കാർഡുകൾ നൽകി വായിക്കുന്നു. | ജൂലൈ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| 3. | वाचन | തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം. | മത്സര വായന സംഘടിപ്പിക്കുന്നു - തെറ്റുകൂടാതെ പരമാവധി വേഗതയിൽ തന്നിരിക്കുന്ന വാക്യങ്ങൾ വായിക്കുന്നു. | ആഗസ്റ്റ് മുതൽ മാസത്തിൽ രണ്ടു പ്രാവശ്യം. | | |
| 4. | बोलो हिंदी | ഹിന്ദിയിൽ പ്രയോഗിക്കുന്ന അത്യാവശ്യം വാക്കുകൾ പഠിക്കുന്നു. | ചിത്രങ്ങൾ നൽകി വാക്കുകൾ മനസിലാക്കുന്നു.<br><br>പൊതുവായി ഉപയോഗിക്കുന്ന വാക്കുകൾ പരിചയപ്പെടുത്തുന്നു. | ജൂലൈ - സെപ്റ്റംബർ | | |

# മേഖല - ഹിന്ദി (UP/ HS)

| | | | | | | |
|---|---|---|---|---|---|---|
| | | വാക്കുകൾ മനസിലാക്കി വാക്യത്തിൽ സംസാരിക്കാൻ പ്രാപ്തരാക്കുന്നു. | വാക്യങ്ങൾ അതിന്റെ അർത്ഥം അനുസരിച്ച് ക്ലാസ്സിൽ അഭിനയിക്കാൻ അവസരം നൽകുന്നു. | | | |
| 5. | हिंदी सुधारो | ശരിയായി വാക്യങ്ങൾ നിർമ്മിക്കുവാൻ പ്രാപ്തരാക്കുന്നു. | ഹിന്ദിയിലെ അടിസ്ഥാന വ്യാകരണം മനസ്സിലാക്കി കൊടുക്കുന്നു (നാമം, സർവ്വനാമം, വിശേഷണം എന്നിവ).<br><br>വാക്യത്തിൽ നിന്നും നാമം, സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താനുള്ള പ്രവർത്തനം. | ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| 6. | महत्वपूर्ण दिन | പ്രത്യേക ദിനങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നു. | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആചരിക്കുന്നു. | ജൂൺ - മാർച്ച് | | |

# മേഖല - അടിസ്ഥാന ശാസ്ത്രം UP/HS

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | അത്ഭുത കണ്ണിലൂടെ | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br><br>മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം.<br><br>ലഘു പ്രോജക്ട് കൊടുത്ത് അവതരിപ്പിക്കുന്നു. | ജൂലൈ - ഫെബ്രുവരി | സയൻസ് അധ്യാപകർ | |
| 2. | ശാസ്ത്ര ലോകത്തേക്ക് | നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു. | സെമിനാർ പേപ്പറുകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കളെ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ജൂലൈ - ഫെബ്രുവരി<br><br>ആഗസ്റ്റ്<br><br>ഒക്ടോബർ | | |
| 3. | ഹൈടെക് വേൾഡ് | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക, പ്രസിദ്ധീകരണം, സയൻസ് ലാബ്, ഐ. ടി ലാബ് എന്നിവ | ജൂലൈ - ഫെബ്രുവരി | | |

# മേഖല - അടിസ്ഥാന ശാസ്ത്രം UP/HS

| | | | | | | |
|---|---|---|---|---|---|---|
| | | | ആധുനികവൽക്കരിക്കുന്നു. | | | |
| 4. | ആയുർരേഖ | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br><br>വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധ, പച്ചക്കറി തോട്ടം നിർമ്മിക്കൽ.<br><br>പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | ജൂലൈ - ഫെബ്രുവരി | | |
| 5. | വൈജ്ഞാനിക ബഹിസ്ഫുരണം | അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br><br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, മുതലായവയിൽ പങ്കെടുക്കുന്നു.<br><br>ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. | ജൂലൈ - ഫെബ്രുവരി<br><br>നവംബർ | സയൻസ് അധ്യാപകർ | |

## മേഖല - സാമൂഹിക ശാസ്ത്രം (UP/HS)

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭൂപട പഠനം | ഭൂപട വായനയിൽ കുട്ടികളെ പ്രാപ്തരാക്കുക. | പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂപട നിർമ്മാണം, അറ്റ്ലസ് പരിശീലനം, ഭൂപട വായന എന്നിവയ്ക്ക് പരിശീലനം നൽകുന്നു. | ആവശ്യമുള്ള സമയങ്ങളിൽ | സോഷ്യൽ സയൻസ് അധ്യാപകർ | |
| 2. | നാടറിയാൻ | സ്വന്തം നാടിനെക്കുറിച്ച് അറിയാൻ. | നാടിന്റെ ചരിത്രം വിവിധ ദേശവാസികളുടെ സഹായത്തോടെ ശേഖരിക്കുകയും കുട്ടികളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. | കലോത്സവത്തോടനുബന്ധിച്ച് | | |
| 3. | സ്കൂൾ പാർലമെന്റ് | ജനാധിപത്യ രീതിയിലുള്ള ഇലക്ഷൻ പ്രക്രിയ മനസ്സിലാക്കുക. | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റിലേക്കുള്ള ഇലക്ഷൻ നടത്തുന്നു. | സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് സമയം | | |
| 4. | ദിനാചരണങ്ങൾ | വിവിധങ്ങളായ പ്രാധാന്യമർഹിക്കുന്ന ദിനങ്ങൾ മനസ്സിലാക്കുന്നതിനും കുട്ടികളുടെ ശേഷികൾ വളർത്തുന്നതിനും. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ഒരു വർഷം | | |

# മേഖല - ഗണിതം (UP/HS)

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഗണിതകേളി | ഗണിതത്തിൽ പിന്നോക്കക്കാരെ മുന്നിൽ എത്തിക്കാൻ. | കളി, പാട്ട്, നിർമ്മാണം, കമ്പ്യൂട്ടർ ഗെയിം, ജ്യോ മെട്രിക്കൽ പാറ്റേൺ മോഡൽ, നിർമ്മാണം. | ജൂൺ ആദ്യവാരം. | ഗണിത അധ്യാപകർ | |
| 2. | കണക്കിനെ അറിയാം | ആശയധാരണം കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ. | തുടർ പ്രവർത്തനം. | | |
| | | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ. | | | |
| 3. | ചതുഷ്കീയ ബോധം | ചതുഷ്കീയ ഉറപ്പാക്കൽ | ഗണിത ക്ലബിന്റെ സഹായത്തോടെ ചതുഷ്കീയ ഉറപ്പാക്കൽ | ഒരു വർഷം | | |
| 4. | ഗണിത ശില്പശാല | ഗണിത മത്സര വേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന്. | | |
| | | സംഘബോധം ഉണ്ടാക്കൽ. | സംഘപഠനം. | തുടർ പ്രവർത്തനം. | | |
| | | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | | |

# ഉപസംഹാരം

വിളക്ക് കൊളുത്തുന്നത് കട്ടിലിനടിയിലോ പറയുടെ കീഴിലോ വയ്ക്കാനല്ല പീഠത്തിൻ മേൽ വയ്ക്കാനാണ്. വിദ്യാലയം വിളക്കിന് തുല്യമാണ് ചുറ്റുപാടുകളിലേയ്ക്ക് വിദ്യയെന്ന പ്രകാശം പരത്തുന്നത് വിദ്യാലയങ്ങളാണ്. കുട്ടികൾ വിദ്യാലയത്തിൽ നിന്ന് ആർജ്ജിച്ചെടുക്കുന്ന ശേഷികളും നൈപുണികളും അവരുടെ ജീവിതത്തെ പ്രകാശഭരിതമാക്കുകയും ഭാവി ജീവിതം ഭദ്രമാക്കുകയും ചെയ്യുന്നു.

തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുന്ന ഇന്നത്തെ സമൂഹത്തിന് ബദലായി മികച്ചൊരു സമൂഹത്തെ വാർത്തെടുക്കാനുള്ള കർമപദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

***